**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. കെ.പി. ഗീതാകുമാരി, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. സുലേഖ എം.ആർ. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3287/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 12.10.2017

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.03.2013-ലെ സി6(വിസി11/10/ഐടികെ) 10771/2010 നമ്പർ റിപ്പോർട്ട്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 01.08.2013-ലെ 3026/ഡി3/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 14.03.2014-ലെ 58034/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീമതി. സുലേഖ എം.ആർ, കെ.പി. ഗീതാകുമാരി എന്നിവർ യഥാക്രമം 07.07.2014, 12.11.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2015-ലെ ഡി8-14357/2010 നമ്പർ കത്ത്
6. 14.03.2014-ലെ 58034/ഇപിബി2/2013/തസ്വഭവ നമ്പർ സർക്കാർ കത്ത്
7. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2016-ലെ ഡി8-14357/10 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.പി. ഗീതാകുമാരി 24,138/- രൂപ തിരിമറി നടത്തിയതായി കണ്ടെത്തുകയും ടിയാരിയിൽ നിന്ന് ടി തുക തിരികെ ഈടാക്കാനും തിരിമറി നടത്തിയതിന് ടിയാരിക്കെതിരെയും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതിന് സെക്ഷൻ ക്ലാർക്ക് ശ്രീമതി. സുലേഖയ്ക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ കുറ്റപത്രം നൽകി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും, ശ്രീമതി. ഗീതാകുമാരിയിൽ നിന്ന് ടി തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (6) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു. ശ്രീമതി. ഗീതാകുമാരി ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറ്റപത്രത്തിന് ടി ആളുകൾ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. സുലേഖ ആശ്രിത നിയമനം വഴി ആരോഗ്യ വകുപ്പിൽ നിയമിതയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പഞ്ചായത്ത് സർവ്വീസിൽ വന്ന്, നിലവിൽ ആരോഗ്യ വകുപ്പിൽ ജോലി ചെയ്തു വരികയാണെന്നും നിയമാനുസരണം രേഖകൾ കൃത്യതയോടെ സംരക്ഷിക്കുന്നതിൽ ടിയാളുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിലും പഞ്ചായത്ത് വകുപ്പിലെ പരിചയക്കുറവ് മൂലമാണ് ഇങ്ങനെ

സംഭവിച്ചതെന്ന ടിയാളുടെ വാദം അംഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തുക തിരിമറി നടത്തിയത് സംബന്ധിച്ച് ശ്രീമതി. ഗീതാകുമാരി നൽകിയിട്ടുള്ള വിശദീകരണങ്ങളെല്ലാം അവാസ്തവവും ടിയാരിയുടെ മറുപടി തൃപ്തികരമല്ലാത്തതും ടിയാരിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചില്ല എന്ന കുറ്റത്തിന് വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. ആർ. സുലേഖയ്ക്ക് സെൻഷർ നൽകിയും, സർക്കാർ ഫണ്ട് തിരിമറി നടത്തിയതിന് മുൻ സെക്രട്ടറി ശ്രീമതി. ഗീതാകുമാരിയുടെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേക്ക് തടഞ്ഞും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. കെ.പി. ഗീതാകുമാരി, മുൻ സെക്രട്ടറി, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. ആർ. സുലേഖ, മുൻ സെക്ഷൻ ക്ലാർക്ക്, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (15.07.2017-ലെ 1350370/ഡി3/2017/വിജി. നമ്പർ റിമാർക്സ് പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.58034/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ